(സി) കൺസ്യൂമർഫെഡിന്റെ നിലവിലെ ആസ്തി/ബാദ്ധ്യതാ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) കൺസ്യൂമർഫെഡിൽ അഴിമതിയും ക്രമക്കേടും നടന്നിട്ടുണ്ടോയെന്നത് സംബന്ധിച്ച് സഹകരണ നിയമ വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ ഉത്തരവ് ആയിട്ടുള്ളതും അന്വേഷണം ദ്രുതഗതിയിൽ നടന്നുവരികയുമാണ്.

പ്രവർത്തനരഹിതമായ ഗ്രാമീണ വ്യവസായ സഹകരണ സംഘങ്ങൾ

186 (553) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവർത്തനരഹിതമായ ഗ്രാമീണ വ്യവസായ സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) ഇത്തരത്തിൽ എത്ര സംഘങ്ങൾ പുനരുദ്ധരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രവർത്തനരഹിതമായ ഗ്രാമീണ വ്യവസായ സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് പുനരുദ്ധാരണ ഗ്രാന്റ് നൽകിവരുന്നു. ഒരു സഹകരണ സംഘത്തിന് പരമാവധി 2 ലക്ഷം രൂപ വരെ ഈ ഇനത്തിൽ നൽകാറുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 6 സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ ഗ്രാന്റ് വിതരണം ചെയ്തിട്ടുണ്ട്.

കൺസ്യൂമർഫെഡിലെ അഴിമതി

187 (554) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡ് ഭരണസമിതിയുടെ നേതൃത്വത്തിൽ നടന്ന അഴിമതികൾ കണ്ടെത്തി സർക്കാരിന് മാനേജിംഗ് ഡയറക്ടർ നൽകിയ പദ്ധതിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ക്രമക്കേടുകൾ കണ്ടുപിടിച്ച് സർക്കാരിനെ അറിയിച്ച മാനേജിംഗ് ഡയറക്ടർ ടോമിൻ തച്ചങ്കരിയെ തൽസ്ഥാനത്ത് നിന്നും മാറ്റുകയുണ്ടായോ ; റിപ്പോർട്ട് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുകയുണ്ടായോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly